1. പ്രവേശന നടപടികൾക്കായി അനുവദിച്ച തീയതികൾ (ക്വാട്ട തിരിച്ചുള്ള / കോഴ്‌സ് തിരിച്ചുള്ള) ചുവടെ നിർദേശിച്ചിരിക്കുന്നു.
2. ചുവടെ പരാമർശിച്ചിട്ടുള്ള എല്ലാ തിയതികളും, സമയപരിധികളും, മാർഗനിർദേശങ്ങളും വിദ്യാർത്ഥികൾ പാലിക്കേണ്ടതാണ്.
3. 2020 ഓഗസ്റ്റ് 20 ന് വിദ്യാർത്ഥികളുടെ റാങ്ക് പട്ടിക കോളേജ് പ്രസിദ്ധികരിക്കുന്നതാണ്.
4. അലോട്ട്മെന്റ് പ്രക്രിയ പൂർണ്ണമായും ഓൺലൈനിൽ ആയതിനാൽ, ഒരു ഡൈനാമിക് അലോട്ട്മെന്റ് സ്റ്റാറ്റസ് സ്ക്രീനും, അതിൽ എല്ലാ കോഴ്സിന്റെയും ക്വാട്ട തിരിച്ചുള്ള നിലവിലെ പ്രവേശന സ്ഥാനങ്ങളുടെ തത്സമയ അപ്ഡേറ്റ് കാണാൻ കഴിയും. എല്ലാ വിദ്യാർത്ഥികളും അവരുടെ അക്കൗണ്ട് എല്ലാ ആറു മണിക്കൂറിലും പരിശോധിക്കുവാൻ നിർദേശിക്കുന്നു.
5. വിദ്യാർത്ഥികൾക്ക് ഡൈനാമിക് അലോട്ട്മെന്റ് സ്റ്റാറ്റസ് സ്ക്രീനിലെ അവരുടെ സ്റ്റാറ്റസ് അനുസരിച്ച് മുൻഗണനാ ചോയിസുകളിൽ നിന്ന് തിരഞ്ഞെടുക്കാവുന്ന കോഴ്സുകൾ കാണുവാൻ സാധിക്കും. വിദ്യാർത്ഥികൾ "സ്ഥിരീകരിച്ച" (കൺഫേർമഡ്സ്) കോഴ്സുകൾ 48 മണിക്കൂറിനുള്ളിൽ സ്വീകരിക്കുകയോ / നിരസിക്കുകയോ ചെയ്യണം.
6. വിദ്യാർത്ഥികൾ ചോയിസുകളിൽ നിന്ന് കോഴ്സ് സ്വീകരിക്കുകയോ / നിരസിക്കുകയോ ചെയ്യുമ്പോൾ, താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:
   a. ഒരു വിദ്യാർത്ഥി ഏതെങ്കിലും കോഴ്സ് സ്വീകരിച്ചാൽ
      i. ലഭ്യമായ പട്ടികയിൽ നിന്നും ഒരു ചോയ്സ് വിദ്യാർത്ഥി സ്വീകരിച്ചുകഴിഞ്ഞാൽ, താഴെയുള്ള എല്ലാ ചോയിസുകളും അവരുടെ പ്രൊഫൈലിൽ നിന്നും നിരസിക്കപ്പെടുകയും യോഗ്യതയുള്ള അടുത്ത വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്യും.

St Albert's College (Autonomous)

ഭാവിയിൽ വിദ്യാർത്ഥിക്ക് താഴ്ന്ന ചോയിസുകളിൽ നിന്ന് മറ്റ് കോഴ്സുകൾ തിരഞ്ഞെടുക്കുവാൻ സാധിക്കുകയില്ല.

ii. ഒരു വിദ്യാർത്ഥി ഒരു കോഴ്സ് സ്വീകരിച്ചാലും, അവരുടെ ഉയർന്ന ചോയ്സുകളിൽ സീറ്റുകൾ ലഭ്യമാകുന്നതിനനുസരച്ച്, വിദ്യാർത്ഥികൾക്ക് ആ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്.

b. ഒരു വിദ്യാർത്ഥി ഏതെങ്കിലും കോഴ്സ് നിരസിച്ചാൽ:

i. ഒരു വിദ്യാർത്ഥിക്കു നിരസിച്ച കോഴ്സുകൾ ഒഴികെയുള്ള, മറ്റു കോഴ്സുകളിൽ സീറ്റുകൾ ലഭ്യമാകുന്നതിനനുസരച്ച് അവരുടെ മറ്റ് ചോയിസുകൾ തിരഞ്ഞെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.

c. ഒരു വിദ്യാർത്ഥി തൻ്റെ പ്രൊഫൈലിൽ കോഴ്സ് ലഭ്യമായതിനു ശേഷം 48 മണിക്കൂറിനുള്ളിൽ പ്രതികരിച്ചിട്ടില്ലെങ്കിൽ:

i. ആ വിദ്യാർത്ഥിയുടെ എല്ലാ ചോയിസുകളും നിരസിക്കപ്പെടുകയും, പിന്നീടുള്ള പ്രവേശന അലോട്ട്മെന്റുകളിൽ അവർക്കു പങ്കെടുക്കാൻ കഴിയുകയുമില്ല.

7. വിദ്യാർത്ഥികൾ ഒരു കോഴ്സ് തിരഞ്ഞെടുത്തുകഴിഞ്ഞാൽ, 48 മണിക്കൂറിനുള്ളിൽ താഴെ പറയുന്ന രേഖകൾ അപ്ലോഡ് ചെയ്യണം:

a. ഹയർ സെക്കൻഡറി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്

b. എസ്എസ്എൽസി അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ സർട്ടിഫിക്കറ്റ്

c. സ്വഭാവ സർട്ടിഫിക്കറ്റ് (പ്രവേശന തീയതിയുടെ അവസാന ആറുമാസത്തിനുള്ളിൽ ഇഷ്യു ചെയ്തതായിരിക്കണം)

d. ആധാർ കാർഡ്
e. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി. സി.)
f. ജാതി സർട്ടിഫിക്കറ്റ് (വിദ്യാർത്ഥികൾ തിരഞ്ഞെടുത്തിരിക്കുന്ന ക്വാട്ട പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾ നൽകിയത്)
g. വരുമാന സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
h. കായിക / സാംസ്കാരിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ (സ്പോർട്സ് / കൾച്ചറൽ ക്വാട്ട പ്രകാരം അപേക്ഷിക്കുന്നവർക്ക്)
i. വൈകല്യ സർട്ടിഫിക്കറ്റ് (അംഗവൈകല്യമുള്ള വ്യക്തികളുടെ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർക്ക്)
j. എക്സ്-സർവീസ്മെൻ സർട്ടിഫിക്കറ്റ് (എക്സ്-സർവീസ്മെൻറെ കുട്ടികൾക്കായി)
k. എൻ. എസ്. എസ്. / എൻ. സി. സി. സർട്ടിഫിക്കറ്റ് (ഹയർ സെക്കൻഡറി തലത്തിൽ ലഭിച്ചത്)
l. കോളേജ് ഡിക്ലറേഷൻ (http://117.239.75.245/admission/application/wp-content/uploads/sites/6/2020/08/College-Undertaking.pdf ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ കഴിയും)
m. വിദ്യാർത്ഥിയുടെയും മാതാപിതാക്കളുടെയും സത്യവാങ് മൂലം (http://117.239.75.245/admission/application/wp-content/uploads/sites/6/2020/08/UG-Affidavit.pdf ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ കഴിയും)

8. മുകളിൽപ്പറഞ്ഞ രേഖകൾ പരിശോധിച്ചുറപ്പിച്ചതിനു ശേഷം, വിദ്യാർത്ഥിക്ക് 24 മണിക്കൂറിനുള്ളിൽ കോളേജിൽ നിന്ന് പ്രിൻസിപ്പൽ-ഇൻ-ചാർജും ബന്ധപ്പെട്ട വിഭാഗത്തിൻ്റെ മേലധികാരിയുമായി ആശയവിനിമയത്തിനുള്ള തീയതിയും സമയവും അറിയിച്ചുകൊണ്ടുള്ള ഒരു ഇ-മെയിൽ ലഭിക്കുന്നതാണ് (ആശയവിനിമയത്തിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ വിശദാംശങ്ങൾ ഇ-മെയിൽ വഴി അറിയിക്കുന്നതാണ്)

St Albert's College (Autonomous)

9. പ്രിൻസിപ്പൽ-ഇൻ-ചാർജും ബന്ധപ്പെട്ട വിഭാഗത്തിൻെറ മേലധികാരിയുമായുള്ള വിജയകരമായ ആശയവിനിമയത്തിന് ശേഷം, സെന്റ് ആൽബർട്ട്സ് കോളേജ് (ഓട്ടോണമസ്), വിദ്യാർത്ഥിക്ക് താൽക്കാലിക പ്രവേശനം നൽകുകയും, ഫീസ് അടയ്ക്കുന്നതിനുള്ള ലിങ്ക് ഇമെയിൽ വഴി അയയ്ക്കുകയും ചെയ്യും.
10. താൽക്കാലിക പ്രവേശനവും ഫീസ് അടയ്ക്കുവാനുള്ള ലിങ്കും ലഭിച്ച വിദ്യാർത്ഥി, ഓൺലൈൻ വഴിയോ, സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ഏതെങ്കിലും ബ്രാഞ്ചുകളിൽ ചെല്ലാൻ വഴിയോ 2 പ്രവൃത്തി ദിവസത്തിനുള്ളിൽ ആവശ്യമായ ട്യൂഷൻ ഫീസ് അടയ്ക്കണം. അങ്ങനെ ചെയ്യുന്നതിലൂടെ, വിദ്യാർത്ഥി തനിക്കു അനുവദിച്ച പ്രവേശനം സ്ഥിരീകരിക്കും.
11. നിശ്ചിത തീയതിക്കുള്ളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥിയുടെ താൽക്കാലിക പ്രവേശനം റദ്ദാക്കപ്പെടുന്നതായിരിക്കും. അതിനാൽ, അപേക്ഷകർ അവരുടെ ഫീസ് നിശ്ചിത സമയപരിധിക്കുള്ളിൽ അടയ് ക്കേണ്ടതാണ്.

St. Albert's College (Autonomous)